**പതിനാലാം കേരള നിയമസഭ**

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.625 24.01.2018-ലെ മറുപടിയ്ക്ക്

## നാഷണൽ ഗെയിംസിലെ മെഡൽ ജേതാക്കൾക്ക് സർക്കാർ ജോലി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ഡി.കെ.മുരളി** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായ-വാണിജ്യ-കായിക യുവജനകാര്യ വകുപ്പ് മന്ത്രി | |
| (എ) | 2015-ൽ നടത്തിയ നാഷണൽ ഗെയിംസിലെ മെഡൽ ജേതാക്കൾക്ക് സർക്കാർ ജോലി വാഗ്ദാനം ചെയ്തിട്ടുണ്ടോ; | (എ) | കേരളത്തിൽ വച്ച് നടന്ന 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്ത് വ്യക്തിഗത ഇനങ്ങളിൽ സ്വർണ്ണം, വെള്ളി, വെങ്കല മെഡലും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലും നേടിയ നിലവിൽ ജോലി ഇല്ലാത്ത താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിനും, ടീം ഇനങ്ങളിൽ വെള്ളി, വെങ്കല മെഡൽ കരസ്ഥമാക്കിയവർക്ക് സർക്കാർ പൊതു മേഖല സ്ഥാപനങ്ങളിൽ ജോലി നൽകുന്നതിനും സർക്കാർ ഉത്തരവായിരുന്നു. 35-ാമത് ദേശീയ ഗെയിംസിൽ വ്യക്തിഗത ഇനങ്ങളിൽ സ്വർണ്ണം, വെള്ളി, വെങ്കല മെഡലുകളും ടീം ഇനത്തിൽ സ്വർണ്ണ മെഡലും നേടിയ 68 കായിക താരങ്ങൾക്ക് എൽ.ഡി.ക്ലാർക്കിന്റെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് വിവിധ വകുപ്പുകളിൽ ജോലി നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഗെയിംസിൽ ഒളിമ്പിക് നിലവാരം പുലർത്തിയ കായിക താരങ്ങളായ ശ്രീ.സജൻപ്രകാശ്, കുമാരി എലിസബത്ത് സൂസൻ കോശി എന്നിവർക്ക് പോലീസ് വകുപ്പിൽ ആംഡ് |

| | | | |
|---|---|---|---|
| | | | & പോലീസ് ഇൻസ്പെക്ടർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. പ്രസ്തുത നിലവാരം പുലർത്തിയ മറ്റ് കായിക താരങ്ങളായ കുമാരി അനിൽഡ തോമസിനും കുമാരി അനു.ആർ-നും വനം-വന്യ ജീവി വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ നിയമനം നടത്തിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അതുപ്രകാരം എത്ര പേർക്ക് ജോലി ലഭിച്ചിട്ടുണ്ട്; | (ബി) | നിലവിൽ 72 പേർക്ക് ജോലി നൽകിയിട്ടുണ്ട് |
| (സി) | ഇനി എത്ര പേർക്ക് ജോലി ലഭിക്കാനുണ്ട്; | (സി) & (ഡി) | ടീം ഇനങ്ങളിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയ 83 കായിക താരങ്ങൾക്ക് പൊതു മേഖലാ സ്ഥാപനങ്ങളിൽ ജോലി നൽകുന്നത് സംബന്ധിച്ച് നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ഡി) | ജോലി നൽകുന്നതിന് കാലതാമസം വന്നിട്ടുണ്ടെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**